**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമ പഞ്ചായത്തുകൾക്കാവശ്യമായ തെരുവ് വിളക്കുകളും, മറ്റ് ഇലക്ട്രിക് സാധനങ്ങളും, അനുബന്ധ ഉപകരണങ്ങളും ക്രൂസ് മുഖേന വാങ്ങി വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ. (സാധാ) നം.1469/2013/തസ്വഭവ. തിരുവനന്തപുരം, തിയതി, 05.06.2013.

പരാമർശം:- 1. ക്രൂസ് സെക്രട്ടറിയുടെ 22.11.2008 ലെ എ/777/2007 നമ്പർ കത്ത്.

2. ക്രൂസ് സെക്രട്ടറിയുടെ 15.02.2012, 22.05.2012 തീയതികളിലെ എ/55/2012 നമ്പർ കത്ത്.

3. പഞ്ചായത്ത് ഡയറക്ടറുടെ 27.04.2012 ലെ ജി 2-7059/2012 നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമ പഞ്ചായത്തുകൾക്കാവശ്യമായ തെരുവ് വിളക്കുകളും, മറ്റ് ഇലക്ട്രിക് സാധനങ്ങളും, അനുബന്ധ ഉപകരണങ്ങളും ക്രൂസ് മുഖേന വാങ്ങി വിതരണം ചെയ്യുന്നതിനുള്ള പദ്ധതിക്ക് അനുമതി നൽകണമെന്ന് പരാമർശം (1), (2) കത്തുകളിലൂടെ ക്രൂസ് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു. ഈ പദ്ധതിയ്ക്ക് അനുമതി നൽകിയാൽ ഗ്രാമ പഞ്ചായത്തുകൾക്ക് ഗുണമേന്മയുള്ള ഉപകരണങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുമെന്ന് പരാമർശം (3) കത്തിലൂടെ പഞ്ചായത്ത് ഡയറക്ടറും ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഗ്രാമ പഞ്ചായത്തുകൾക്കാവശ്യമായ തെരുവ് വിളക്കുകളും, മറ്റ് ഇലക്ട്രിക് സാധനങ്ങളും, അനുബന്ധ ഉപകരണങ്ങളും നിലവിലെ മാർക്കറ്റ് വിലയെക്കാൾ കുറഞ്ഞ വിലയിൽ ഓപ്പൺ ടെണ്ടർ വഴി വാങ്ങി വിതരണം ചെയ്യുന്നതിന് ക്രൂസിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആദ്യ ഘട്ടമെന്ന നിലയിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾക്കാവശ്യമായ തെരുവ് വിളക്കുകളും, മറ്റ് ഇലക്ട്രിക് സാധനങ്ങളും, അനുബന്ധ ഉപകരണങ്ങളും ക്രൂസ് മുഖേന മാത്രമേ വാങ്ങാവൂയെന്നും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

കെ. ആർ. കൃപാനന്ദൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ക്രൂസ്, കോർപ്പറേഷൻ ബിൽഡിംഗ്, നിയർ ഓവർ ബ്രിഡ്ജ് ജംഗ്ഷൻ, തമ്പാനൂർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം

സ്റ്റോർ പർച്ചേസ് വകുപ്പ് (15.05.2013 ലെ 1394/എ 2/2013/എസ്.പി.ഡി പ്രകാരം)

ധനകാര്യ വകുപ്പ് (29.04.2013 ലെ 19568/ഡെവ.3/2013/ധന പ്രകാരം)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ